**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 282** **27-06-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ മുൻഗണനാ റേഷൻ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മുൻഗണനാ റേഷൻകാർഡ് അനുവദിക്കുന്നതിനായി നിലമ്പൂർ നിയോജകമണ്ഡലത്തിൽ നിന്നും ലഭിച്ച ആകെ അപേക്ഷകളുടേയും അവയിൽ അനുവദിച്ചവ, നിരസിച്ചവ, ഇനിയും തീരുമാനമെടുക്കാത്തവ എന്നിവയുടെയും എണ്ണം ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | മുൻഗണനാ റേഷൻകാർഡ് അനുവദിക്കുന്ന തിനായി നിലമ്പൂർ താലൂക്കിൽ നാളിതുവരെ<br><br>ലഭ്യമായ അപേക്ഷകൾ - 24531<br><br>അനുവദിച്ചവ – 11672<br><br>നിരസിച്ചവ - 689<br><br>മുപ്പത് മാർക്കിൽ താഴെ ലഭിച്ചവ -12170<br><br>തീർപ്പാക്കാൻ ശേഷിക്കുന്നവ - ഇല്ല. |
| (ബി) | ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം നിലമ്പൂർ നിയോജകമണ്ഡലത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയ റേഷൻ കാർഡുകളുടെ എണ്ണവും ഇവയുടെ ശതമാനവും ഗ്രാമം, നഗരം എന്നിവ തിരിച്ച് ലഭ്യമാക്കാമോ; | (ബി) | മുൻഗണനാ റേഷൻ<br><br>കാർഡുകളുടെ എണ്ണം - 37023,<br><br>മുൻഗണനാ റേഷൻകാർഡുകളുടെ<br><br>ശതമാനം 38.12<br><br>ഗ്രാമതലത്തിലെ ആകെ മുൻഗണനാ<br><br>കാർഡുകളുടെ എണ്ണം – 31715.<br><br>ശതമാനം - 39.17<br><br>നഗരത്തിലെ ആകെ മുൻഗണനാ<br><br>കാർഡുകളുടെ എണ്ണം - 5308<br><br>ശതമാനം - 33 |
| (സി) | ഗ്രാമജനസംഖ്യയുടെ 52.63 ശതമാനവും നഗര ജനസംഖ്യയുടെ 39.5 ശതമാനവും മാത്രമേ | (സി) | ബാധകമാണ്. പ്രസ്തുത മാനദണ്ഡം പാലിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവൂ എന്ന മാനദണ്ഡം താലൂക്ക്, വില്ലേജ്/പഞ്ചായത്ത് തലങ്ങളിൽ ബാധകമാണോ; എങ്കിൽ പ്രസ്തുത മാനദണ്ഡം നിലമ്പൂർ താലൂക്കിൽ പാലിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | | |
| (ഡി) | മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നൽകുന്ന വെയിറ്റേജ് മാർക്കിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഏത് വർഷത്തെ ബി.പി.എൽ. പട്ടികയാണ് പരിഗണിക്കുന്നത്; പ്രസ്തുത പട്ടിക അവസാനമായി പരിഷ്കരിച്ചത് ഏത് വർഷത്തിലാണ് എന്നറിയിക്കാമോ; | (ഡി) | തദ്ദേശസ്വയംഭരണ വകുപ്പ് ബി.പി.എൽ പട്ടിക അവസാനമായി പരിഷ്കരിച്ച 2009 ലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് അപേക്ഷകൾ മുൻഗണനാ വെയിറ്റേജ് മാർക്കിന് പരിഗണിക്കുന്നത്. |
| (ഇ) | പ്രസ്തുത പട്ടിക പത്ത് വർഷത്തോളം മുമ്പ് തയ്യാറാക്കിയതായതിനാൽ നിലവിലെ അപാകതകൾ പരിഹരിക്കുന്നതിനും കൂടുതൽ അർഹരെ ഉൾപ്പെടുത്തുന്നതിനുമായി പട്ടിക പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുമോയെന്ന് അറിയിക്കാമോ; | (ഇ) | ഭ.പൊ.വി.വ-ബി3/102/2022-ഭ.പൊ.വി.വ ഫയൽ പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-21) യുടെ 43-ാ മത് റിപ്പോർട്ടിൽ ഖണ്ഡിക 31 ലെ ശുപാർശ പ്രകാരം താഴെത്തട്ടിലുള്ള അർഹരെ കണ്ടെത്തി ഉൾപ്പെടുത്തുന്നതിനായി പുതിയ ബി.പി.എൽ പട്ടിക തയ്യാറാക്കി സമയബന്ധിതമായി ആയത് പുതുക്കുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പിന് നിർദ്ദേശം നൽകണമെന്നും അതിനായുള്ള തടസ്സങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് 2 വകുപ്പുകളും സംയുക്തമായി പ്രവർത്തിച്ച് പൊതുവിതരണ സമ്പ്രദായവുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനെ പ്രാപ്തമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഓഡിറ്റ് നിർദ്ദേശത്തിൻമേൽ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (എഫ്) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2009-ലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ട് മുൻഗണനാ റേഷൻ കാർഡ് ലഭിച്ച കുടുംബത്തിലെ ഒരംഗത്തിന് പുതുതായി റേഷൻകാർഡ് അനുവദിക്കുമ്പോൾ മാതൃറേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടതായതിനാൽ അർഹതയുണ്ടായിട്ടും മുൻഗണനാ റേഷൻകാർഡ് നിഷേധിക്കപ്പെടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എഫ്) | നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ജി) | പുതിയ അപേക്ഷകന്റെ മാതൃകാർഡിലെ സാമ്പത്തിക സ്ഥിതിയിൽ മാറ്റം വന്നിട്ടില്ലായെങ്കിൽ അപേക്ഷകൻ മുൻഗണനാ | (ജി) | സേവനാവകാശ നിയമപ്രകാരവും ഒരാൾക്കും റേഷൻകാർഡ് ഇല്ലാതെ ബുദ്ധിമുട്ടുന്ന സാഹചര്യം ഒഴിവാക്കുന്നതിനുമായി അപേക്ഷ |

| | | | |
|---|---|---|---|
| | റേഷൻകാർഡിന് അനർഹനാകുന്നത് എങ്ങനെയാണെന്ന് വിശദമാക്കാമോ? | | ലഭിച്ച് 24 മണിക്കൂറിനുള്ളിൽ പുതിയ കാർഡ് അനുവദിക്കുകയാണ് ചെയ്തു വരുന്നത്. അപ്രകാരം ചെയ്യുമ്പോൾ അർഹതാ പരിശോധന നടത്തുന്നതിന് മതിയായ സമയം ലഭിക്കാത്തതിനാൽ പൊതുവിഭാഗം നോൺ സബ്സിഡിയിൽ ഉൾപ്പെടുത്തി കാർഡ് അനുവദിക്കുകയാണ് ചെയ്യുന്നത്. പുതിയ കാർഡിൻമേലുള്ള ആക്ഷേപം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ മുമ്പാകെ അപേക്ഷ നൽകിയാൽ അർഹത പരിശോധിച്ച് യോഗ്യമായ വിഭാഗത്തിൽ ഉൾപ്പെടുത്തും. |

സെക്ഷൻ ഓഫീസർ